**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4779** **02-07-2024 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന തീരദേശ റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (എ) | (1) **പട്ടുവം ഗ്രാമപഞ്ചായത്തിലെ കച്ചേരി പോത്തട കോളനി റോഡിന്റെ നവീകരണം** – പ്രവൃത്തി ആരംഭിച്ചെങ്കിലും മഴ കാരണം റോഡിന്റെ സംരക്ഷണഭിത്തിയുടെയും മറ്റും പ്രവൃത്തികൾ നിലച്ചിരിക്കുകയാണ്. മഴ മാറുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br><br>(2) **കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിലെ പുതിയ പുഴക്കര ചേനോളിമിൽ റോഡിന്റെ നവീകരണം -** പ്രവൃത്തി ആരംഭിച്ചെങ്കിലും മഴ കാരണം റോഡിന്റെ പ്രവൃത്തികൾ നിലച്ചിരിക്കുകയാണ്. മഴ മാറുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.<br><br>(3) **ചെറുതാഴം ഗ്രാമപഞ്ചായത്തിലെ കളപ്പുറം കമ്പനി പാലയാട് അംബേദ്ക്കർ കോളനി മെഡിക്കൽ കോളേജ് റോഡിന്റെ നവീകരണ പ്രവൃത്തി -** ടി പ്രവൃത്തിയ്ക്കുള്ള ടെണ്ടർ നടപടി സ്വീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ